ദേശാഭിമാനി
KANNUR EDITION
DATE : 12-08-2024 PAGE NO:3 COLUMN NO : 3

# ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**മട്ടന്നൂർ**

എട്ടാമത് ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 22ന് മട്ടന്നൂർ എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. താൽപര്യമുള്ളവർ 17ന് മുമ്പായി www.Throwballkerala.com ൽ രജിസ്റ്റർചെയ്യണം. 2006 ജനുവരി ഒന്നിന് ശേഷം ജനിച്ചവരായിരിക്കണം. ഓപ്പൺ സെലക്ഷനുണ്ടാവില്ല. പത്തനംതിട്ടയിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ തെരഞ്ഞെടുക്കും. ഫോൺ: 9072748130.

ദീപിക
KANNUR EDITION
DATE : 12-08-2024 PAGE NO:3 COLUMN NO : 4

# ജില്ലാ ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 22ന്

**മട്ടന്നൂർ:** എട്ടാമത് ജില്ലാ ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 22ന് മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. താത്പര്യമുള്ളവർ 17ന് മുമ്പായി www.Throwballkerala.com എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ ചെയ്യണം. 2006 ജനുവരി ഒന്നിന് ശേഷം ജനിച്ചവർക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കൂ. ഓപ്പൺ സെലക്ഷൻ ഉണ്ടാവില്ല. പത്തനംതിട്ടയിൽ നടക്കുന്ന സംസ്ഥാന ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽനിന്ന് തെരഞ്ഞെടുക്കും. ഫോൺ: 9072748130.

Mathrubhumi മാതൃഭൂമി
KANNUR EDITON
DATE 24/08/2024
PAGE NO :3 colum no :5 and 6

### ജില്ലാ ജൂനിയർ ത്രോബോൾ

# മട്ടന്നൂർ എച്ച്.എസ്.എസും കെ.പി.സി.എച്ച്.എസ്.എസ്. പട്ടാന്നൂരും ചാമ്പ്യൻമാർ



ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യൻമാരായ മട്ടന്നൂർ ഹയർസെക്കൻഡറി സ്കൂൾ ടീം

**മട്ടന്നൂർ** ▸ ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ ഹയർസെക്കൻഡറി സ്കൂളും പെൺകുട്ടികളുടെ വിഭാഗത്തിൽ കെ.പി.സി.എച്ച്.എസ്.എസ്. പട്ടാന്നൂരും ചാമ്പ്യൻമാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ കെ.പി.സി.എച്ച്.എസ്.എസ്. പട്ടാന്നൂർ രണ്ടാം സ്ഥാനവും പി.ആർ.എം.എച്ച്.എസ്.എസ്. കൊളവല്ലൂർ മൂന്നാംസ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ എച്ച്.എസ്.എസ്. രണ്ടാംസ്ഥാനവും ആക്ടിവ് സ്പോർട്സ് അക്കാദമി മൂന്നാംസ്ഥാനവും കരസ്ഥമാക്കി.

മട്ടന്നൂർ ഹയർസെക്കൻഡറി സ്കൂൾ മാനേജർ കൃഷ്ണകുമാർ കണ്ണോത്ത് ഉദ്ഘാടനം ചെയ്തു. എ.കെ. വിനോദ്കുമാർ, എം.ഷംസുദീൻ, സ്പോർട്സ് കൗൺസിൽ അംഗം എ.കെ. ഷെരീഫ്, ശ്യാം സഹജൻ, ഷൈജു സെബാസ്റ്റ്യൻ തുടങ്ങിയവർ സംസാരിച്ചു. പ്രഥമാധ്യാപിക എൻ.സുധാമണി സമ്മാനദാനം നടത്തി.



പെൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യന്മാരായ കെ.പി.സി.എച്ച്.എസ്.എസ്. പട്ടാന്നൂർ ടീം

ദീപിക
KANNUR EDITON
DATE 24/08/2024
PAGE NO :3 colum no :5

# ത്രോബോൾ ചാമ്പ്യൻഷിപ്പ്; മട്ടന്നൂരും പട്ടാന്നൂരും ചാമ്പ്യന്മാർ

**മട്ടന്നൂർ:** കണ്ണൂർ ജില്ലാ ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ എച്ച്എസ്എസ് ഒന്നാം സ്ഥാനവും കെപിസിഎച്ച്എസ്എസ് പട്ടാന്നൂർ രണ്ടാം സ്ഥാനവും പിആർഎം എച്ച്എസ്എസ് കൊളവല്ലൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

പെൺകുട്ടികളുടെ വിഭാഗത്തിൽ കെപിസിഎച്ച്എസ്എസ് പട്ടാന്നൂർ ജേതാക്കളായി. മട്ടന്നൂർ എച്ച്എസ്എസ് രണ്ടാം സ്ഥാനവും ആക്ടീവ് സ്പോർട്സ് അക്കാദമി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ മാനേജർ കൃഷ്ണകുമാർ കണ്ണോത്ത് നിർവഹിച്ചു. മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ മുഖ്യാധ്യാപിക എൻ. സുധാമണി സമ്മാനദാനം നിർവഹിച്ചു.

ദേശാഭിമാനി
KANNUR EDITON
DATE 24/08/2024
PAGE NO : 4 colum no :4 and 5

## ജൂനിയർ ത്രോബോൾ

# മട്ടന്നൂരും പട്ടാന്നൂരും ചാമ്പ്യന്മാർ

**മട്ടന്നൂർ**

ജില്ലാ ജൂനിയർ ത്രോബോളിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ എച്ച്എസ്എസ് ചാമ്പ്യരായി. പട്ടാന്നൂർ കെപിസി എച്ച്എസ്എസ് രണ്ടും, കൊളവല്ലൂർ പിആർഎം എച്ച്എസ്എസ് മൂന്നുംസ്ഥാനങ്ങൾ നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ കെപിസി എച്ച്എസ്എസും ചാമ്പ്യരായി. മട്ടന്നൂർ എച്ച്എസ്എസ് രണ്ടും, ആക്ടീവ് സ്പോർട്സ് അക്കാദമി മൂന്നുംസ്ഥാനം നേടി. ചാമ്പ്യൻഷിപ്പ് കൃഷ്ണകുമാർ കണ്ണോത്ത് ഉദ്ഘാടനംചെയ്തു. പ്രധാനാധ്യാപിക എൻ സുധാമണി സമ്മാനം നൽകി.